മനക്കരുത്തിൽ പ്രതാപം വീണ്ടെടുത്ത് താജ് ഗ്രൂപ്പ്

തിരുവനന്തപുരം: മുംബയ് ഭീകരാക്രമണത്തിനുശേഷം വൻ നഷ്ടം നേരിട്ട താജ് ഗ്രൂപ്പ് അവസരോചിതമായ പ്രവർത്തനത്തിലൂടെ വീണ്ടും പ്രതാപം വീണ്ടെടുത്തു. ജീവനക്കാർക്കിടയിൽ സുരക്ഷിതത്വ ബോധം സൃഷ്ടിച്ചും ബ്രാൻഡ് പുനർനിർമ്മാണത്തിൽ ശ്രദ്ധ ഊന്നിയുമാണ് വളരെ വേഗം തിരിച്ചടി മറികടക്കാനായതെന്ന് താജ് ഗ്രൂപ്പ് സീനിയർ വൈസ് പ്രസിഡന്റ് എച്ച്. എൻ. ശ്രീനിവാസ് പറഞ്ഞു. ഭീകരാക്രമണത്തിൽ താജിന്റെ പത്ത് ജീവനക്കാരാണ് കൊല്ലപ്പെട്ടത്. നിരവധി പേർക്ക് പരിക്കേറ്റിരുന്നു. ഇതൊന്നും ജീവനക്കാരുടെ മനസ്സാന്നിദ്ധ്യം നഷ്ടപ്പെടുത്തിയില്ല. ഇതിനാലാണ് വളരെ വേഗം ഊർജസ്വലരായി തിരിച്ചെത്താനായത്. മരിച്ച ജീവനക്കാരുടെ കുടുംബത്തിന് 32 മുതൽ 82 ലക്ഷം രൂപ വരെ നഷ്ടപരിഹാരം നൽകി. കമ്പനി ചെയർമാൻ ഓരോ മാസത്തെ ശമ്പളം കുടുംബങ്ങൾക്ക് പ്രത്യേകം നൽകി. മരിച്ച ജീവനക്കാരുടെ ഭാര്യമാർക്ക് അവർക്ക് ലഭിച്ചിരുന്ന അതേശമ്പളം ജീവിതകാലം മുഴുവൻ പെൻഷനായി ലഭിക്കും. കുട്ടികൾക്ക് ഉന്നതപഠനത്തിനടക്കം മുഴുവൻചെലവും മാനേജ്മെന്റ് വഹിക്കും. കുടുംബാംഗങ്ങൾക്ക് മെഡിക്കൽ ഇൻഷ്വറൻസ്, യോഗ്യതയുള്ള കുടുംബാംഗത്തിന് താജിൽ സ്ഥിരംജീവനക്കാരനായി നിയമനം എന്നിവ നൽകും. ജീവനക്കാർ എടുത്തിരുന്ന എല്ലാ വായ്പകളും കമ്പനി നേരിട്ട് അടച്ചുതീർത്തു. പരിക്കേറ്റവർക്ക് ഓപ്പറേഷനടക്കം മുഴുവൻ ചികിത്സാചെലവും കമ്പനി വഹിച്ചു. കൂടാതെ 2.5 ലക്ഷം വീതം അടിയന്തര സഹായമായി നൽകി. ജീവനക്കാരെ 20 പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ച് അവരുടെ പേടിയും മാനസിക സംഘർഷവും മറികടക്കാൻ ചികിത്സയും കൗൺസലിംഗും നൽകി. ഭീകരാക്രമണത്തിന്റെ പേരിൽ താജിൽ നിന്ന് ഒരു ജീവനക്കാരൻ പോലും പിരിഞ്ഞുപോയില്ല. മുംബയ് താജിനെ പുനർനിർമ്മിക്കാൻ 100 കോടിയിലേറെ രൂപചെലവായി.

നിലവിൽ താജിലെ സുരക്ഷാസംവിധാനങ്ങൾ ലോകോത്തരമാണ്. അത്യാധുനിക ഉപകരണങ്ങളാണ് സുരക്ഷയ്ക്കായി ഉപയോഗിക്കുന്നത്. ഭീകരാക്രമണത്തിൽ മരിച്ച മുംബൈ നിവാസികളുടെ കുടുംബങ്ങളെ രക്ഷിക്കാൻ രത്തൻ ടാറ്റ ചെയർമാനായ ചാരിറ്റബിൾ ട്രസ്റ്റും രൂപീകരിച്ചു.

താജ് ഗ്രൂപ്പ് വൈസ് ചെയർമാൻ ടി. ദാമു, തിരുവനന്തപുരം താജ് റസിഡൻസി ജനറൽ മാനേജർ മനോജ് മാത്യു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

പ്രോവിഡന്റ് ഫണ്ട് അംഗങ്ങൾക്ക് ഈ വർഷം 8.5 ശതമാനം പലിശ

ന്യൂഡൽഹി: രാജ്യത്തെ നാലു കോടിയിലധികം വരുന്ന ഉപയോക്താക്കൾക്ക് എംപ്ളോയിസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ (ഇ. പി. എഫ്. ഒ) നടപ്പു സാമ്പത്തിക വർഷം 8.5 ശതമാനം പലിശ നൽകാൻ ആലോചിക്കുന്നു. പുതിയ ഫണ്ട് മാനേജർമാരുടെ പ്രവർത്തനം മൂലം കൂടുതൽ വരുമാനം നേടാനായതിനാലാണ് ഇത്രയും ഉയർന്ന പലിശ നൽകാനാകുന്നതെന്ന് തൊഴിൽ വകുപ്പ് സെക്രട്ടറി സുധാ പിള്ള പറഞ്ഞു. കരുതൽ ശേഖരം ഉപയോഗിക്കാതെ തന്നെ ഫണ്ട് അംഗങ്ങൾക്ക് ഈ വർഷം പണം നൽകാനാവും. സെപ്തംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ഫണ്ടിന് 8.68 ശതമാനത്തിലധികം വരുമാനം നേടാൻ കഴിഞ്ഞു.

രാജ്യത്തെ പണപ്പെരുപ്പം കുത്തനെ ഉയർന്നതിനാൽ സെപ്തംബർ വരെ റിസർവ് ബാങ്ക് പലിശ നിരക്ക് കൂട്ടുകയായിരുന്നു. ഇതോടെ സ്ഥിര വരുമാന നിക്ഷേപങ്ങളും സർക്കാർ ബോണ്ടുകളും ഉയർന്ന വരുമാനം നൽകി. കഴിഞ്ഞ വർഷം കാലാവധി നിക്ഷേപങ്ങൾക്ക് ബാങ്കുകൾ 11.5 ശതമാനം വരെ പലിശ നൽകിയിരുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധി മൂലം വിപണിയിൽ പണദൗർലഭ്യം നേരിട്ടതും ഉയർന്ന വായ്പാചെലവും സർക്കാർ കടപ്പത്രങ്ങൾക്ക് മികച്ച ലാഭമാണ് നൽകിയത്. സാമ്പത്തിക പ്രതിസന്ധി മൂലം തിരിച്ചടി നേരിടുന്ന സ്ഥാപനങ്ങൾക്ക് ജീവനക്കാരെ നിലനിറുത്താനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ബഡ്ജറ്റിൽ ആനുകൂല്യം നൽകണമെന്ന് ആവശ്യപ്പെടുമെന്ന് സുധാ പിള്ള പറഞ്ഞു.

നാണയപ്പെരുപ്പ നിരക്കിൽ മാറ്റമില്ല

ന്യൂഡൽഹി: കേന്ദ്രസർക്കാരിന് ആശ്വാസം പകർന്ന് മേയ് 16ന് അവസാനിച്ച വാരം രാജ്യത്തെ നാണയപ്പെരുപ്പം 0.61 ശതമാനത്തിൽ തുടർന്നു. അവലോകന കാലയളവിൽ തേയില, ബാർലി, പരിപ്പ്, ഉഴുന്ന് എന്നിവയുടെ വിലയിൽ വർധനയുണ്ടായി. കോട്ടൺ, ലവണങ്ങൾ എന്നിവയുടെയും വില ഉയർന്നു. പഴം, പച്ചക്കറികൾ എന്നിവയുടെ വിലയിൽ കുറവുണ്ടായി. ഏവിയേഷൻ ടർബൈൻ ഇന്ധനം, ഫർണസ് ഓയിൽ എന്നിവയുടെ വില രണ്ട് ശതമാനം കൂടി. സംസ്കരിക്കാത്ത എണ്ണയുടെ വില 21 ശതമാനമാണ് കൂടിയത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ നാണയപ്പെരുപ്പം 8.66 ശതമാനമായിരുന്നു.

വിപണിയിൽ നേട്ടം തുടരുന്നു

കൊച്ചി: ആഗോള മേഖലയുടെ പിന്തുണയിൽ ഇന്ത്യൻ ഓഹരി വിപണി ഇന്നലെയും നേട്ടമുണ്ടാക്കി. ദേശീയ സൂചികയിലെ ഫ്യൂച്ചേഴ്സ് ആൻഡ് ഓപ്ഷൻസ് മേയ് സീരീസ് ചരിത്രത്തിലേക്കും ഏറ്റവും വലിയ വർദ്ധനയാണ് രേഖപ്പെടുത്തിയത്. കാപ്പിറ്റൽ ഗുഡ്സ്, മെറ്റൽ, ബാങ്കിംഗ്, ഓയിൽ ആൻഡ് ഗ്യാസ്, പവർ മേഖലയിലെ കമ്പനികളാണ് മുന്നേറ്റത്തിന് നേതൃത്വം നൽകിയത്. മേയ് സീരിസിൽ റിലയൻസ് ഇൻഫ്രാസ്ട്രക്ചർ, കോട്ടക് മഹീന്ദ്ര ബാങ്ക്, ഇന്ത്യ ഇൻഫോലൈൻ എന്നിവയുടെ വില 80 ശതമാനം ഉയർന്നു. റിലയൻസ് കാപ്പിറ്റൽ, റാൻബാക്സി ലാബ്സ്, യൂണിടെക്ക്, ഇന്ത്യ ബുൾസ്, ഡി. എൽ. എഫ് എന്നിവയും മേയ് സീരിസിൽ നേട്ടമുണ്ടാക്കി.

ഇന്നലെയും ഓഹരി വിപണിയിൽ അനുകൂല ചലനമാണുണ്ടായത്. ബോംബെ ഓഹരി സൂചിക 186.37 പോയിന്റ് വർധിച്ച് 14,296.01-ൽ അവസാനിച്ചു. ദേശീയ സൂചിക 61.05 പോയിന്റ് കൂടി 4337.10 ൽ എത്തി. എൽ. ആൻഡ് ടി, സെയിൽ, റാൻബാക്സി ലാബ്സ്, സ്റ്റെർലൈറ്റ്, ഭാരതി എയർടെൽ, എൻ. ടി. പി. സി, ടാറ്റ സ്റ്റീൽ, സീമെൻസ് എന്നിവയാണ് ഇന്നലെ മികച്ച വർധന രേഖപ്പെടുത്തിയത്. ടാറ്റ മോട്ടോഴ്സ്, ഗ്രാസിം, വിപ്രോ, റിലയൻസ് കമ്യൂണിക്കേഷൻ, ടാറ്റ കമ്യൂണിക്കേഷൻ, ഹീറോ ഹോണ്ട എന്നിവ തിരിച്ചടി നേരിട്ടു.

ഐ. ജി. ഐയുടെ ഇന്ത്യയിലെ ആദ്യ സാറ്റലൈറ്റ് ലാബ് തൃശൂരിൽ

കൊച്ചി : ഇന്റർനാഷണൽ ജമോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് (ഐ. ജി. ഐ) ഇന്ത്യയിലെ ആദ്യത്തെ സാറ്റലൈറ്റ് ലാബ് തൃശൂരിൽ ആരംഭിച്ചു.

ജംസ്റ്റോണുകളുടെയും ജൂവലറിയുടെയും പരിശോധനയ്ക്കും ഗ്രൈൻഡിംഗിനും വേണ്ടിയുള്ള അന്താരാഷ്ട്ര പ്രശസ്തിയാർജിച്ച സ്ഥാപനമാണ് ഐ. ജി. ഐ.

കേരളത്തിലെയും തമിഴ്നാട്ടിലേയും പ്രമുഖ ജൂവലറികളെല്ലാം ഐ. ജി. ഐയുടെ സേവനം പ്രയോജനപ്പെടത്തുന്നുണ്ട്. മെബൈൽ ലബോറട്ടറി സൗകര്യം ഉപയോഗിച്ച് ഷോറൂമുകളിൽ വച്ചു തന്നെ രത്നങ്ങളുടെ സർട്ടിഫിക്കേഷൻ നടത്തുന്ന സേവനമാണ് ഐ. ജി. ഐ. നൽകുന്നത്. തെന്നിന്ത്യയിലെ പ്രമുഖ രത്ന നിർമ്മാണ കേന്ദ്രമെന്ന നിലിയിലാണ് സാറ്റലൈറ്റ് ലാബ് തൃശൂരിൽ സ്ഥാപിക്കുന്നത്.

അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് രത്നങ്ങൾ പരിശോധിച്ചാണ് അവയുടെ കാരറ്റ്, സുതാര്യത, നിറം, ഗുണനിലവാരം എന്നിവ നിശ്ചയിക്കുന്നത്.

ഐ. ജി. ഐ സർട്ടിഫിക്കേഷൻമൂലം ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള രത്നങ്ങൾ വാങ്ങാനാകുമെന്ന് ഐ. ജി. ഐ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ തെമാസ്പ് പ്രിന്റർ പറഞ്ഞു.

വി ഗാർഡ് അറ്റാദായം ഉയർന്നു

കൊച്ചി : കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വി ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ നികുതി കിഴിച്ചുള്ള ലാഭം 18.66 ശതമാനം വർദ്ധനവോടെ 17.35 കോടി രൂപയിലെത്തി. വാർഷിക പൊതുയോഗത്തിലെ ഓഹരി ഉടമകളുടെ അംഗീകാരത്തിന് വിധേയമായി 25ശതമാനം ലാഭവിഹിതം നൽകാൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തു. ഷെയർ ഒന്നിന് രൂ 2.50 ഡിവിഡന്റ് ലഭിക്കും. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ കമ്പനിയുടെ വിറ്റുവരവ് 316.78 കോടി രൂപയുടേതാണ്. മുൻവർഷത്തെ 278 കോടി രൂപയുടെ വിറ്റുവരവിനേക്കാൾ 13.90 ശതമാനം അധികമാണിത്.

കോയമ്പത്തൂരിലെ എൽടിപവ്വർ കേബിൾ ഫാക്ടറിയും, കാശിപുരിലെ ബിൽഡിംഗ് വയർ കേബിൾ നിർമ്മാണ കേന്ദ്രവും കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനി കമ്മീഷൻ ചെയ്യുകയായി.

സപ്ളൈകോ പ്രീമിയം സ്റ്റോർ കൊച്ചി എയർപോർട്ടിൽ

തിരുവനന്തപുരം : ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയിൽ ശൃംഖലയായ സപ്ളൈകോയുടെ സ്പെഷ്യൽ ഫോർമാറ്റ് ഔട്ട്ലറ്റായ 'സപ്ളൈകോ പ്രീമിയം' കാറ്റഗറിയിലെ ആദ്യ സ്റ്റോർ കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽ ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി സി. ദിവാകരൻ ഇന്ന് രാവിലെ 11ന് ഉദ്ഘാടനം ചെയ്യും. സിവിൽ സപ്ളൈസ് കോർപ്പറേഷൻ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ യോഗേഷ് ഗുപ്ത, ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് സെക്രട്ടറി ജ്യോതിലാൽ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് മാനേജിംഗ് ഡയറക്ടർ കൃഷ്ണദാസ് നായർ, സിവിൽ സപ്ളൈസ് ഡയറക്ടർ മിൻഹാജ് ആലം തുടങ്ങിയവർ പങ്കെടുക്കും. ഈ സ്പെഷ്യൽ കാറ്റഗറി സ്റ്റോറുകൾ വഴി കേരളത്തനിമ നിലനിറുത്തുന്ന ഭക്ഷ്യ, ഭക്ഷ്യേതര വസ്തുക്കളും മറ്റ് അവശ്യ നിത്യോപയോഗ സാധനങ്ങളും ഉന്നത ഗുണമേന്മയുള്ള പ്രീമിയം ഗ്രേഡ് സാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതാണ്. മറുനാടൻ മലയാളികളുടെ സൗകര്യാർത്ഥം മുംബയ്, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലെ കേരള ഹൗസുകളിലും ഗൾഫ് റീജിയണിലും മറ്റ് കാലിക പ്രാധാന്യമുള്ള സ്ഥലങ്ങളിലും 'സപ്ളൈകോ പ്രീമിയം' സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

എസ്. ഐ. ടി. ഡി ലാപ്ടോപ് ഹാർഡ്‌വെയർ കോഴ്സ്

തിരുവനന്തപുരം: എസ്. ഐ. ടി. ഡി മെഗാബൈറ്റ് കോർപറേറ്റ് നടത്തുന്ന ലാപ്ടോപ്പ് ഹാർഡ്‌വെയർ അസംബ്ളിംഗ് ആൻഡ് സർവീസിംഗ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

ഇന്നത്തെ നിലയിൽ രാജ്യത്ത് അയ്യായിരത്തോളം ലാപ്ടോപ് ഹാർഡ്‌വെയർ പ്രൊഫഷണലുകളുടെ ഒഴിവുണ്ട്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ ഏറ്റവും ചുരുങ്ങിയത് 20 ലക്ഷം തൊഴിലവസരങ്ങളെങ്കിലും ഈ മേഖലയിൽ സൃഷ്ടിക്കപ്പെടുമെന്നാണ് ഏകദേശ കണക്ക്.

ഏറ്റവും മികച്ച ലാപ്ടോപ് ഹാർഡ്‌വെയർ പ്രൊഫഷനലുകൾക്ക് നിയമനം നൽകുന്നതിന് ഇന്ത്യയിൽ 3500 ഇ-കൊമേഴ്സ് ശാഖകളിലൂടെ എസ്.ഐ.ടി.ഡി കേരളത്തിലെ എല്ലാ ജില്ലകളിലും പരിശീലനം നൽകിവരികയാണ്. പരിശീലനം വിജയകരമായി പൂർത്തിയാവുന്നവർക്ക് സ്പെഷൽ ഇക്കണോമിക് സോൺ, ഐ.ടി പാർക്ക്, ഇൻഡസ്ട്രിയൽ പാർക്ക്, ബാങ്കിംഗ് മേഖല എന്നിവിടങ്ങളിൽ ജോലി ലഭിക്കും.

പ്ളസ്ടു, ഡിഗ്രി, ഡിപ്ളോമ പാസായവർക്കും പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. എസ്.സി, എസ്.ടി, വിമുക്തഭടൻമാരുടെ ആശ്രിതർ, വിധവകൾ എന്നിവർക്ക് സീറ്റു സംവരണമുണ്ട്. താത്പര്യമുളളവർ പേര്, പൂർണമായ വിലാസം, വിദ്യാഭ്യാസ യോഗ്യത, ഫോൺ നമ്പർ, പഠിക്കാനുദ്ദേശിക്കുന്ന ജില്ല എന്നിവ സഹിതം പത്തു ദിവസത്തിനകം അപേക്ഷിക്കണം. വിലാസം: കോ-ഓർഡിനേറ്റർ, എസ്.ഐ.ടി.ഡി, എ.ഐ.ആർ. റോഡ്, വഴുതക്കാട്, തിരുവനന്തപുരം-14.

റിസർവ് ബാങ്ക് വീണ്ടും പലിശ കുറച്ചേക്കും

കൊച്ചി: രാജ്യത്തെ നാണയപ്പെരുപ്പം ഒരു ശതമാനത്തിന് താഴെ തുടരുന്നതിനാൽ പലിശ നിരക്ക് വീണ്ടും കുറയ്ക്കാൻ റിസർവ് ബാങ്ക് ആലോചിക്കുന്നു. റിപ്പോ, റിവേഴ്സ് റിപ്പോ നിരക്കുകൾ താമസിയാതെ റിസർവ് ബാങ്ക് അര ശതമാനം വരെ കുറവ് പ്രഖ്യാപിച്ചേക്കുമെന്നാണ് വിലയിരുത്തുന്നത്. ഇന്ത്യയിൽ പലിശ നിരക്ക് ഉയർന്നു നിൽക്കുന്നത് സാമ്പത്തിക പ്രതിസന്ധിമൂലം വിഷമത്തിലായ വ്യവസായ ലോകത്തിന് കനത്ത വെല്ലുവിളിയാണെന്നാണ് പുതിയ യു. പി. എ സർക്കാരിന്റെയും നിലപാട്. സാമ്പത്തിക രംഗത്ത് ഉണർവു സൃഷ്ടിക്കാൻ വാണിജ്യ ബാങ്കുകൾ വായ്പാ പലിശയിൽ ഇനിയും കുറവു വരുത്തേണ്ടതുണ്ടെന്ന് ധനമന്ത്രി പ്രണബ് മുഖർജി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു.

കഴിഞ്ഞ ഒക്ടോബർ മുതൽ മുഖ്യ പലിശ നിരക്കിൽ വിവിധ ഘട്ടങ്ങളായി റിസർവ് ബാങ്ക് 4.25 ശതമാനം കുറവു വരുത്തിയിരുന്നു. റിസർവ് ബാങ്ക് നടപടിയുടെ ചുവടു പിടിച്ച് പൊതുമേഖലാ ബാങ്കുകൾ പലിശ കുറച്ചുവെങ്കിലും സ്വകാര്യ ബാങ്കുകൾ അനുകൂലമായല്ല പ്രതികരിച്ചത്.

വിനിമയ നിരക്ക്

	കറൻസി	ചെക്ക്
ഡോളർ	46.90	47.33
പൗണ്ട്	74.30	75.21
യൂറോ	64.70	65.48
സ്വിസ് ഫ്രാങ്ക്	42.75	43.27
കനേഡിയൻ	42.75	42.02
ആസ്ട്രേലിയൻഡോളർ	36.30	36.74
സിംഗപ്പൂർ ഡോളർ	32.05	32.42
ബഹ്റിൻ ദിനാർ	120.15	
കുവൈറ്റ് ദിനാർ	155.85	
സൗദി റിയാൽ	12.30	
ഒമാൻ റിയാൽ	117.75	
ഖത്തർ റിയാൽ	12.65	
യു.എ.ഇ. ദിർഹം	12.55	

ഓഹരി നിലവാരം

SCRIP	Bse	Nse
ABB	629.50	626.75
ACC	721.25	727.50
AFTEKINFO	15.40	15.65
AKSHOPTICAL	16.38	16.70
AMARAJA	83.60	83.60
ANDHARA BANK	91.75	91.60
APOLLOTYRE	31.90	32.00
APPOLOHOS	502.00	502.20
ARVINDMILL	32.15	32.10
ASHOKLEY	29.85	29.95
ASIANPNT	1,065.45	1,062.45
AVAYA GLOBAL	116.90	116.45
AXISBANK	782.05	782.05
BAJAJAUTO	368.75	368.90
BALAJITELE	56.35	56.25
BANKOFBARODA	441.55	441.60
BATAIND	145.10	144.60
BEML	736.40	734.20
BFLSOFT	336.00	334.85
BHARTI	795.20	795.90
BHARTI SHIPYARD	150.05	150.40
BHEL	2,117.55	2,127.55
BIOCON	183.45	183.40
BLUESTARINFO	89.55	88.55
BOB	441.55	441.60
BOI	324.20	324.30
BOMBDYE	324.10	324.45
BPCL	448.15	448.30
BPL	30.30	30.25
BRITANNIA	1,696.40	1,698.45
BSES	1,271.00	1,271.90
CANARABANK	286.90	289.40
CEAT	90.35	90.10
CENTURY TEXT	459.25	459.00
CHENNAIPETRO	179.80	179.80
CIPLA	223.50	223.75
CMC	562.80	564.90
COLGATE	453.60	454.05
CORPBNK	306.35	306.05
CRANESOFT	57.00	57.05
CREATIVEYE	8.33	8.35
CROMPGREV	255.60	256.00
D-LINK	63.90	63.65
DABUR	110.70	110.65
DENABANK	52.90	52.75
DISHMAN PHARMA	184.35	184.35
DIVIS LAB	1,152.90	1,152.40
DRREDDY	659.70	662.00
DWARKESH SUGAR	80.20	80.25
EIHOTEL	117.30	117.30
ENGGINDIA	768.25	763.10
ESCORTS	62.45	62.45
ESSAROIL	174.50	174.35
FEDERALBNK	249.95	249.65
FINLXCABLE	39.80	39.75
GAIL	286.35	286.30

SCRIP	Bse	Nse
GARDEN SILK	85.45	85.50
GEOJIT	46.85	47.05
GEOMETRIC	27.90	27.85
GESHIPP	280.20	279.60
GLAXO	1,157.00	1,158.15
GLENMARK	233.70	234.05
GLOBALTELE	283.30	283.80
GNFC	87.85	87.90
GODREJS	175.60	175.90
GRASIM	2,184.30	2,177.00
GUJAMBCEM	89.25	89.15
HARMALA	68.60	68.65
HCLINFO	117.40	117.55
HDFC	2,182.00	2,183.25
HDFCBNK	1,436.20	1,439.95
HEROHONDA	1,325.90	1,327.50
HINDALCO	81.50	81.70
HINDLEVER	230.10	231.00
HINDMOT	23.10	23.10
HINDUJAFUN	203.95	203.95
HMCHLFUT	13.47	13.45
HOTLLEELA	31.05	31.05
HPCL	335.35	334.90
HUGHSTELE	32.40	32.35
I-FLEX	1,126.80	1,135.25
ICICIBANK	729.50	730.30
IDBI	93.65	93.55
INDHOTEL	62.30	62.20
INDIACEM	142.75	142.70
INDRAYON	864.45	865.40
INFOSYS	1,575.80	1,579.00
INFOTECH ENT	174.90	173.30
IOB	87.90	87.85
IOC	569.95	570.00
ITC	183.75	183.90
JRG	41.45	0.00
KALECONSULT	47.00	46.65
KARUR VYSYA BANK	306.60	306.60
KOPRAN	14.17	14.15
KOTAKM	682.85	685.00
L&T	1,341.80	1,345.70
LICHSGFIN	509.70	509.80
LML	10.66	10.55
LUPINCHEM	839.00	840.85
LYKALAB	26.90	27.35
M&M	638.80	637.00
MAARSSOFT	2.14	0.00
MAHABANK	37.15	37.15
MARUTI	998.40	1,003.85
MAXIND	180.50	180.75
MCDOWEL	851.30	852.20
MELSTAR	15.23	15.25
MIDDAY	19.72	19.65
MOSERBEAR	89.85	89.80
MRF	3,151.95	3,139.55
MROTECH	35.20	35.05
MTNL	101.50	101.60
MUKTAARTS	50.55	50.25
NAICHOLAS	265.70	266.35
NEYBELI	137.95	138.30
NIIT	49.80	49.70

SCRIP	Bse	Nse
NTPC	207.50	207.80
OBC	189.00	189.60
ONGC	1,130.80	1,129.35
ONWARDTECI	18.41	18.40
ORCHIDCHEM	126.85	126.45
PANACEABIO	129.55	129.55
PATNI COMP	216.60	217.05
PENTSOFT	2.82	0.00
PETRONET	68.90	68.95
PFIZER	744.65	742.00
POLARIS	88.85	88.70
PRYACEM	141.95	141.60
PTC	88.25	88.70
RAMCOSYS	99.90	98.60
RANBAX	272.95	271.20
RELCAP	930.80	931.80
RELIANCE	2,219.90	2,220.55
RNRL	80.15	80.10
ROLTA	116.80	116.75
RPL	138.55	139.35
SAB	24.20	24.35
SAIL	164.35	164.50
SARIGAMA	88.60	89.10
SATYAM	52.85	52.65
SBI	1,828.90	1,829.55
SBT	491.85	0.00
SCI	132.75	132.75
SHYAMTELE	84.45	84.50
SIB	92.80	92.95
SIEMENS	478.40	479.10
SKFBEAR	219.65	219.20
SMITHKLC	845.10	847.40
SSI	21.98	22.05
STROPTICAL	144.95	145.10
SUNPHARMA	1,318.35	1,320.30
SYNDIBANK	79.50	79.60
TATACHEM	226.65	226.55
TATAELXSI	147.30	147.45
TATAPOWER	1,097.45	1,102.15
TATATEA	688.40	687.40
TCS	659.85	663.20
TELCO	332.65	332.85
TELEDATAIN	9.91	9.85
THERMAX	360.80	361.00
THMCOOK	59.75	59.50
TIPSINDIA	36.35	36.40
TISCO	383.60	384.80
TITANIND	1,030.75	1,030.95
TRIGYNTECH	17.96	18.00
TV18	141.05	141.10
UCOBANK	42.90	42.80
UNICHEMLAB	220.35	219.45
VESUVIUS	117.95	118.70
VOLTAS	93.05	93.35
VSNL	499.40	497.85
VYSYABANK	170.50	170.40
Vguard	66.40	66.60
WIPRO	368.40	369.15
ZEETELE	176.85	176.65

കുരുമുളകിന് 300 രൂപ ഇടിഞ്ഞു

കൊച്ചി വിപണിയിൽ അൺ ഗാർബിൾഡ് മുളക് 11,900 രൂപയായി. റബറിന് 50 രൂപ താഴ്ന്നു.

കൊച്ചി

വെളിച്ചെണ്ണ	4800
ജൂൺ	4615
ജൂലൈ	4820
ആഗസ്റ്റ്	5030
സെപ്തംബർ	5130
കൊപ്രാ	3215-3250
തേങ്ങാപ്പിണ്ണാക്ക് എക്സ്പെല്ലർ	975
തേങ്ങാപ്പിണ്ണാക്ക് റോട്ടറി	1200
കുരുമുളക് ചേറ്റാത്തത്	11900
കുരുമുളക് ചേറ്റിയത്	12400
ചുക്ക് മീഡിയം	12000
ചുക്ക് ബെസ്റ്റ്	12500
മഞ്ഞൾ	4700-6000
കാഞ്ഞിരക്കുരു	1860
അടയ്ക്ക	5200-6400
പഞ്ചസാര	2250
വറ്റൽമുളക്	5200 - 8500
ഉഴുന്ന്	4800 - 5200
ചെറുപയർ	3900 - 4500
കടല	3100 - 3300
മുതിര	2200
എള്ള്	5000 - 5500
മല്ലി	4500 - 8500
പച്ചരി	1575 - 1700
പുഴുക്കലരി	1950 - 2100
ജാതിക്ക തൊണ്ടൻ	110-120
തൊണ്ടില്ലാത്തത്	180-200
ജാതിപത്രി	370 - 490
ഗ്രാമ്പു	310
കച്ചോലം	12,000

ആലപ്പുഴ

വെളിച്ചെണ്ണ	4800
പിണ്ണാക്ക്	1300
കൊപ്രതെളിവ്	3250
കൊപ്രപുകരാശി	3200
കൊപ്രതെക്കൻ	3150
അരി റോസ്	1900 - 2150
അരിആന്ധ്ര(ജയ)	2050 - 2125
അരി ആന്ധ്ര(സുരേഖ)	2000- 2200
വറ്റൽമുളക്	5600-5800
ചെറുപയർ	3000-3300
കടല	3000-3050
പഞ്ചസാര	1575
പരിപ്പ്	3000

കോട്ടയം

വെളിച്ചെണ്ണ	5000
കൊപ്ര	3400
പിണ്ണാക്ക്	1200
പഞ്ചസാര	2250
ശർക്കര (പാണ്ടി)	3200
ശർക്കര (മറയൂർ)	3800
സ്വർണം 1ഗ്രാം	1370

നെടുമങ്ങാട്

കുരുമുളക് പഴയത്	12200
പുതിയത്	11700
പച്ചമരച്ചീനി	800-1100
ഉണക്ക മരച്ചീനി	800
തേങ്ങ (1000)	5000-5500
പാക്ക് (1000)	1015
കൊട്ടപ്പാക്ക് പുതിയത്	5000-6000
പഴയത്	4500-5000
വരവ് മേനി	3000-3500
കൊപ്ര	3800
വെളിച്ചെണ്ണ	5550
തേങ്ങാപ്പിണ്ണാക്ക്	1350
കോഴിമുട്ട (100)	165
കശുഅണ്ടി	1500-2200
ഗ്രാമ്പു (കിലോ)	225-250
കൊക്കോ	500
റബർ	7600-8900
ഒട്ടുപാൽ	6200
ജാതിക്ക (കിലോ)	80-100
ജാതിപ്പരിപ്പ്	180-200
ജാതിപത്രി	300-350

തങ്കം

തിരുവനന്തപുരം	14,600
ആലപ്പുഴ	14,600

സ്വർണം

കൊച്ചി (8 ഗ്രാം)	10960
ഒരുഗ്രാം	1370
ആലപ്പുഴ (8 ഗ്രാം)	10960
തിരുവനന്തപുരം	10960

വെള്ളി

തിരുവനന്തപുരം	23000
ആലപ്പുഴ	23000
കൊച്ചി	23000

റബർ

റബർ ബോർഡ് വില കോട്ടയം

ആർ.എസ്.എസ്-4	9800
ആർ.എസ്.എസ്-5	9600
ഐ.എസ്.എൻ.ആർ.20	9100
60 % ലാറ്റക്സ്	7525

ഒട്ടുപാൽ 100 കിലോഗ്രാം

80 % ഡി. ആർ. സി.	7200
ഫ്രഷ് സ്ക്രാപ്പ്	5400

അന്താരാഷ്ട്രവില(സിംഗപ്പൂർ)

ആർ.എസ്.എസ്. 2	8262
ആർ.എസ്.എസ് 3	8254
ആർ.എസ്.എസ് 4	8147
ആർ. എസ്. എസ്.5	7947

(ക്വലാലമ്പൂർ)

എസ്.എം.ആർ. 20	7561
60 % ലാറ്റക്സ്	5525

വ്യാപാരിവില കോട്ടയം

ആർ.എസ്.എസ്-4	9800
ആർ.എസ്.എസ്-5	9700
തരംതിരിക്കാത്തത്	9400
ഒട്ടുപാൽ	7000

കൊച്ചി

ആർ.എസ്.എസ്-4	9800
ആർ.എസ്.എസ്-5	9400-9600

ടിവി/റേഡിയോ

സ്റ്റാർട്ട്, ആക്ഷൻ

പ്രിയയുടെ പിന്നാലെ ഗോസിപ്പുകൾ

സിനിമയിൽ നായികയായി ശ്രദ്ധിക്കപ്പെട്ടു തുടങ്ങിയപ്പോൾ മുതൽ തുടങ്ങിയതാണ് പ്രിയാമണിയെയും ഒപ്പം അഭിനയിക്കുന്ന ഏതെങ്കിലും നടന്മാരെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രണയ ഗോസിപ്പുകൾ. വിശാൽ, രാജ, പൃഥിരാജ് തുടങ്ങിയ വരൊക്കെ ഗോസിപ്പ് നിർമ്മാതാക്കളുടെ പ്രണയ കഥയിൽ പ്രിയാമണിയുടെ കാമുകന്മാരായി.

ഇത്തരം പ്രണയ കഥകൾ സൃഷ്ടിച്ച് മടുത്തതുകൊണ്ടാണോ എന്നറിയില്ല, ഗോസിപ്പുകാർ ഇപ്പോൾ പ്രിയയ്ക്ക് പുതിയൊരു കാമുകനെ ഉണ്ടാക്കിയെന്നു മാത്രമല്ല ഇവരുടെ വിവാഹം നിശ്ചയിച്ചതായും കഥ ചമച്ചിരിക്കുന്നു. തെലുങ്ക് നടൻ തരുൺ കുമാറാണ് പുതിയ കഥയിലെ നായകൻ. തരുണും പ്രിയയും നായികാനായകന്മാരായി നവവസന്തം എന്ന ചിത്രത്തിൽ അഭിനയിച്ചിരുന്നു. ഷാജഹാനാണ് ഈ ചിത്രം സംവിധാനം ചെയ്തത്. ഇതിനു ശേഷം ഇരുവരും പ്രണയ ബദ്ധരായെന്നാണ് ഗോസിപ്പ്. ഇതിനിടെ ഒരു കാർ തരുൺ പ്രിയയ്ക്ക് സമ്മാനമായി നൽകിയെന്നും കഥ പ്രചരിച്ചിരുന്നു.

കഥകൾ ഇങ്ങനെ പ്രചരിക്കുമ്പോൾ ഇതിനെ പറ്റിയൊന്നും പ്രതികരിക്കാൻ താൻ തയ്യാറല്ലെന്ന് ബാംഗ്ലൂരിലെ വീട്ടിലുള്ള പ്രിയാമണി പറയുന്നു. വെറുതേ കള്ളക്കഥകൾ സൃഷ്ടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നാണ് പ്രിയയുടെ അമ്മ പറയുന്നത്.

ഡിഡി കേരളം

06.00 ഭക്തിഗാനങ്ങൾ
06.30 സിയറ്റ്
07.00 കൃഷിദർശൻ
07.30 വാർത്തകൾ
8.00 വാർത്തകൾക്കു പിന്നിൽ

ഡിഡി മലയാളം

9.30 ടെലിബ്രാൻഡ്സ്
10.00 വീട്ടുവിശേഷം
12.00 ടെലിഷോപ്പിംഗ്
3.00 അനുയാത്ര
03.25 പുറപ്പാട്
3.50 ശ്യാമാംബരം
04.10 മർമ്മരം
05.05 ചിത്രം
07.30 ചിത്രഗീതം
8.00 വാർത്തകൾക്കു പിന്നിൽ
11.00 വാർത്തകൾ
11.15 ഗൾഫ് ഫോക്കസ്

ഏഷ്യാനെറ്റ്

7.00 സുപ്രഭാതം
8.30 സരിഗമ
9.00 നമ്മൾ തമ്മിൽ
10.30 കുടുംബവിശേഷം
11.30 സൂര്യപുത്രി
12.00 അടുക്കള
12.30 അക്കരെ ഇക്കരെ
1.30 സിനിമ
4.30 വാൽക്കണ്ണാടി
05.30 കിസാൻ കൃഷിദീപം
6.00 ആലിലത്താലി
6.30 ഹലോ കുട്ടിച്ചാത്തൻ
07.00 എന്റെ മാനസപുത്രി
07.30 പാരിജാതം
08.00 മഹാഭാഗവതം
08.30 സ്റ്റാർ സിംഗർ സീസൺ 4
09.45 ദേവീ മാഹാത്മ്യം
10.00 രഹസ്യം
10.30 സിനിമ

ന്യൂസ്

07.00 വാർത്തകൾ
7.30 താരത്തിനൊപ്പം
08.00 വാർത്ത
8.30 വൻവീഴ്ചകൾ
9.30 പൾസ്
11.30 നേർക്കുനേർ
12.30 അകത്തളം
01.00 വാർത്ത
1.30 കവർ സ്റ്റോറി
02.30 ഗ്ലോബൽ ഗ്രീറ്റിംഗ്സ്
04.00 ഗൾഫ് വാർത്തകൾ
6.00 ന്യൂസ് ടൈം
05.30 സ്ളോട്ട്
07.30 ഫോക്കസ്
08.00 വാർത്തകൾ
8.30 സ്പെഷ്യൽ
09.00 ന്യൂസ് ഹവർ
10.00 തിരിച്ചു വരവുകൾ
10.30 വാർത്ത
11.30 ഗൾഫ് വാർത്തകൾ

ഏഷ്യാനെറ്റ് പ്ലസ്

7.00 ക്ലാസിക്സ്
8.30 പ്ലസ് ഗ്രീറ്റിംഗ്സ്
9.00 ടെലിബ്രാൻഡ്
10.00 കിലുക്കാംപെട്ടി
11.30 സിനിമ
2.00 ചിരിക്കും തളിക
3.00 ഓമനത്തിങ്കൾ പക്ഷി
4.00 ഫ്രഷ് എൻ ലൈവ്
4.30 ഇശൈമഴൈ
6.00 ദി ബിഗ് പിക്ചർ
7.30 സിനിമ
10.30 ചിരിക്കും തളിക
11.30 സിനിമാ ടുഡേ
12.05 ഹൃദയരാഗം

അമൃത ടിവി

06.30 ഉദയാമൃതം
08.30 ശ്രുതിലയം
09.30 നാടകമേ ഉലകം
12.30 ടേസ്റ്റ് ഒഫ് കേരള
1.30 സഖി
5.30 മ്യൂസിക് മിക്സ്
8.00 പകൽമഴ
8.30 ഓം നമഃശിവായ
9.00 സൂപ്പർ ടാലെന്റ്
10.00 ടോപ് 10@ടെൻ
11.30 തിരക്കിൽ അല്പനേരം

സൂര്യ

07.00 പൊൻപുലരി
9.00 സിനിമ
11.30 അനന്തം
12.00 ഝാൻസി
1.15 സിനിമ
4.00 മ്യൂസിക് മൂവ്മെന്റ്സ്
04.30 തരികിട
05.30 ചേട്ടത്തി
06.30 രാമായണം
07.00 മഴയറിയാതെ
07.30 ഹലോ മായാവി
08.00 മകളുടെ അമ്മ
08.30 സ്ത്രീമനസ്
09.00 പറയിപെറ്റ പന്തിരുകുലം
09.30 ആദിപരാശക്തി
10.00 കളിയും ചിരിയും
11.00 കോമഡിടൈം
11.30 സിനിമ

കിരൺ

07.00 ഗുഡ്മോണിംഗ്
08.00 കിരൺ വിഷസ്
10.00 ചുമ്മാ ചുമ്മാ
12.00 ലേഡീസ് ചോയ്സ്
01.00 പോസ്റ്റ് ബോക്സ്
02.00 കിരൺ സെലക്ട്
03.00 സൂപ്പർ ഹിറ്റ്സ്
04.00 ട്രെയ്‌ലർ ടൈം
05.00 തമിഴ് ഹിറ്റ്സ്
07.00 നിങ്ങൾക്ക് അറിയാമോ?
7.30 സിനിമ
10.00 മേഘസന്ദേശം

കൈരളി

7.00 കാണാക്കാഴ്ചകൾ
7.30 ശുഭദിനം
9.00 നാട്ടിലെ പാട്ട്
10.00 ഗുഡ് മോർണിംഗ് ഗൾഫ്
12.00 ഈണം
2.00 കോമഡിയും മിമിക്സും പിന്നെ ഞാനും
4.00 റെയിൻബോ
6.00 ഗാനോപഹാരം
6.30 വാർത്ത
7.00 വിസ്മയം
7.30 ഡാസ്ലിംഗ് ഫ്രണ്ട്സ് ഹണ്ട്
8.30 പട്ടുറുമാൽ
9.30 ക്രോസ് ഫയർ
11.00 സൗണ്ട് ഓഫ് അറേബ്യ
11.30 വേറിട്ട കാഴ്ചകൾ
12.30 ഡി.എസ്.എഫ്
3.30 സിനിമ

പീപ്പിൾ

7.30 മലബാർ മാഗസിൻ
8.00 വർത്തമാനം
9.00 കൊച്ചി മാഗസിൻ
12.00 ന്യൂസ് നൂൺ
1.00 വർത്തമാനം
1.30 വിരുന്ന്
3.05 ടി. എസ്
5.30 സദ്ഗമയ
6.00 കേരള വാർത്ത
7.00 ന്യൂസ് @ 7 പി.എം
8.00 ന്യൂസ് അവർ
10.00 ന്യൂസ് പ്ളസ്
11.00 ഗൾഫ് ടുഡേ
11.30 ന്യൂസ് ടു നൈറ്റ്

വി

7.00 ഡ്യൂ ഡ്രോപ്സ്
8.00 ഫ്രിൽ ഔട്ട്
9.00 സ്വരരാഗം
10.00 8 പി. എം
11.30 ഹം തും
1.00 സിനിമ
5.00 ഗോൾഡൻ ഹിറ്റ്സ്
6.00 ഡ്യൂ ഡ്രോപ്സ്
7.00 യുവ
8.00 8 പി.എം ലൈവ്
9.00 സിനിമ

എ. സി. വി

08.00 വാർത്ത
09.30 സ്പോട്ട് ലൈറ്റ്
10.00 ഹോട്ട്ലൈൻ
01.30 മിഡ്ഡേ ന്യൂസ്
1.45 സിനിമ
04.30 സ്ത്രീ
05.30 സന്ധ്യാവന്ദനം
06.00 അഖണ്ഡ ഗീതാജ്ഞാന യജ്ഞം
07.00 വാർത്ത
07.30 ആഴ്ചവട്ടം
08.00 ട്രെൻഡ്സ്
08.30 കോമഡി ഓൺലൈൻ
09.00 പുതിയ പാട്ടുകൾ
10.00 സിനിമ

ജയ്ഹിന്ദ് ടിവി

07.00 ജയ്ഹിന്ദ് ന്യൂസ്
07.30 നമസ്തേ
09.00 ന്യൂസ്
09.30 വ്യൂ പോയിന്റ്
10.00 കൈയൊപ്പ്
10.30 നൗ ഷോയിംഗ്
11.30 ഉറവ്
12.30 ന്യൂസ്
02.00 മെഡിടാക്ക്
06.30 ഈണങ്ങൾ
07.00 ഇന്ത്യൻ പനോരമ
7.30 ജയ് ഹനുമാൻ
09.00 ഏക് ദം ഫ്രഷ്
10.30 ന്യൂസ്
11.00 ഗോൾമാൽ

ഇന്ത്യാവിഷൻ

7.30 പൊളിറ്റിക്കൽ തിയേറ്റർ
08.00 ഗുഡ്മോണിംഗ് കേരളം
8.30 ഐ.പി.എൽ മസാല
11.30 വാസ്തവം
02.30 സുരഭി
03.30 24 ഫ്രെയിംസ്
4.00 ഗുഡ് ഈവനിംഗ് കേരള
06.00 കണക്ടിംഗ് കേരളം
10.00 പൊളിറ്റിക്കൽ തിയേറ്റർ
11.00 ട്രയൽ

ജീവൻ

09.00 അൽമാഫസ്
01.30 ബിസിനസ് ന്യൂസ്
02.00 പൊലീസ് ഫയൽ
03.30 ഗൾഫ് ന്യൂസ് വീക്ക്
05.00 ചാർലി ചാപ്ലിൻ
06.00 ചോയ്സ് ഒഫ് കേരള
07.05 ഗ്രാമഫോൺ
07.30 തിരൈ തെൻട്രൽ
09.00 സിനിമാ ന്യൂസ്
10.35 റിലാക്സ്
11.00 ഗൾഫ് വാർത്തകൾ

മനോരമ ന്യൂസ്

7.00 പുലർവേള
08.30 നാട്ടുവാർത്ത
09.30 വനിത
11.30 വീട്
01.00 വാർത്ത
01.30 പുത്തൻ പടം
02.00 നാട്ടുവാർത്ത
02.30 വനിത
06.00 സന്ധ്യാവാർത്ത
7.30 നിങ്ങൾ പറയൂ
08.00 ജനകീയം 09
09.00 പ്രൈം ടൈം
9.30 കൗണ്ടർ പോയിന്റ്
11.00 കുറ്റപത്രം

കേരള വിഷൻ

07.30 പേരിന്റെ വിസ്മയം
08.30 എവർഗ്രീൻ
9.30 സിനി കട്സ്
10.00 വാതായനം
1.00 പ്രണയ രാഗം
02.00 സിനിമ
5.00 ഹാവ് എ ബ്രേക്ക്
06.30 ഫ്രഷ് ഹിറ്റ്സ്
07.30 സുറുമ
10.00 വിചാരണ
11.00 സിനിമ

DISCOVERY

06.30 Tele Brands
08.00 Wild Discovery
09.00 Discovery Project earth
10.00 Dirty Jobs
11.00 Raging Planet
12.00 Worlds Best
02.00 Call 911
03.00 Discovery on Demand
05.00 Nest World
07.00 Wild Discovery
09.00 Discovery Project earth
11.00 Raging Planet

ANIMAL PLANNET

7.00 Teleshopping
8.00 Earth
9.00 Blue beyond
12.00 Wild Cats Rule
1.00 Great Ocean Adventures
2.00 Animal Planet Safari
3.00 Big Five Challenge
4.00 Big Bite
5.00 Blue Beyond
6.00 Earth
8.00 Wild Cats Rule
9.00 Massive Nature

TRAVEL & LIVING

7.00 Namaste Yogya
8.00 Travel Band
10.00 Perfect Match
12.00 Fifth Gear
1.00 Food Rand
3.00 Around theworld
6.00 American Hotroad
7.00 Rough Guides
8.30 World CafeAsia
10.00 Nigella Feasts
11.00 NamasteYoga

Rose Bowl

8.30 Spankin new
9.00 Nine repeat
10.00 Nothing but the hits
10.30 The MTI factor
1.00 Matinee
3.30 Pop stack
5.00 Spankin new
5.30 Kondattom
7.00 Chart Toppers
9.00 Nine at night
12.00 Overdrive

വിക്ടേഴ്സ്

6.30 നൈട്രജൻ ആൻഡ് ഫോസ്ഫറസ്
7.05 ചോദ്യപേപ്പർ വിശകലനം
8.00 ലേൺ എ വേഡ് എ ഡേ
8.05 മനുഷ്യ പരിണാമം
8.30 അഗ്രഹാരം
9.00 അതിഥി യോടൊത്ത്
10.05 തുള്ളികൾ
11.05 കലോത്സവം
11.30 സിദ്ധാർത്ഥ
12.05 ശാസ്ത്ര കൗതുകം
12.35 കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
1.05 ചോദ്യപേപ്പർ വിശകലനം
2.05 ചോദ്യപേപ്പർ വിശകലനം
3.00 ഇന്നലെകളിലെ ഇന്ന്
4.30 ജില്ലകളിലൂടെ
7.30 കലോത്സവം
9.05 ഇന്നത്തെ ശബ്ദം
10.30 ബയോ ഡൈവേസിറ്റി

റേഡിയോ

തിരുവനന്തപുരം/ആലപ്പുഴ

6.10 ഉദയഗീതം
7.00 നിറമാല
8.30 പൂക്കളം
9.00 രാഗാമൃതം
12.05 ചലച്ചിത്ര ഗാനങ്ങൾ
12.40 പ്രകാശധാര
1.00 പൂന്തേനരുവി
5.15 ചലച്ചിത്ര ഗാനങ്ങൾ
5.25 ലഘുനാടകം?
5.40 ഹിന്ദി പാഠം
6.05 ജില്ലാ വൃത്താന്തം
6.50 വയലും വീടും
7.20 നാട്ടു വിശേഷം
7.35 യുവവാണി
8.00 സാഹിത്യവേദി
8.30 ചലച്ചിത്ര ഗാനങ്ങൾ
9.16 സയൻസ് മാഗസിൻ
10.00 ഓർമ്മച്ചെപ്പ്

ഇന്നത്തെ സിനിമ

ഏഷ്യാനെറ്റ് :: 1.30 കുട്ടേട്ടൻ
രാത്രി 10.30 ദൈവത്തിന്റെ മകൻ

പ്ളസ് :: 11.30 ഒരു പൈങ്കിളിക്കഥ
രാത്രി 7.30 അക്കരെ അക്കരെ അക്കരെ

എ. സി. വി :: 1.45 അനുപല്ലവി
രാത്രി 10.00 മക്കൾ മാഹാത്മ്യം

സൂര്യ :: 9.00 എന്റെ വീട് അപ്പുവിന്റെയും
1.15 ബാലേട്ടൻ
11.30 മേഘസന്ദേശം